പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 179

27.02.2017- ൽ
മറുപടിക്ക്

**എഴുകോൺ പോലീസ് സ്റ്റേഷൻ**

ചോദ്യം

**ശ്രീമതി.പി. അയിഷാ പോറ്റി**

മറുപടി

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കൊല്ലം എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമിക്കാൻ ഭൂമി അനുവദിച്ചത് എന്നാണ്; എവിടെയാണ് ഭൂമി ലഭ്യമാക്കിയത്; | (എ) | 04.06.2014 തീയതിയിലെ ജി.ഒ (എം.എസ്) നം.238/14/റവന്യൂ പ്രകാരം കൊട്ടാരക്കര താലൂക്കിൽ എഴുകോൺ വില്ലേജിൽ ബ്ലോക്ക് നമ്പർ 4 -ൽ 194/6-2-4, 194/6-2-5 റീസർവ്വേയിൽപ്പെട്ട 40.51 ആർ ഭൂമിയാണ് എഴുകോൺ പോലീസ് സ്റ്റേഷൻ കെട്ടിടവും മറ്റ് അനുബന്ധ ഓഫീസുകളും നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പിന് അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ ആഭ്യന്തര വകുപ്പിൽ നിന്നും സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (ബി) | മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് 2014-15 (പ്ലാൻ-സെൻട്രൽ ഷെയർ)ൽ ഉൾപ്പെടുത്തി എഴുകോൺ വില്ലേജിൽ പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും അന്തിമമായി അംഗീകരിച്ചിട്ടുണ്ടോ ; അടങ്കൽ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ? | (സി) | അംഗീകരിച്ചിട്ടില്ല. ഇതിനായുള്ള പ്ലാനും എസ്റ്റിമേറ്റും കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ